(എ) സംസ്ഥാനത്ത് എത്ര വാനില കർഷകരുണ്ട്;

(ബി) ഇവിടെ എത്ര ടൺ വാനില ബീൻസ് ഉൽപ്പാദിപ്പിക്കപ്പെടുന്നു?

ഉത്തരം

(എ) ഏകദേശം 8774 വാനില കർഷകർ.

(ബി) 2003-2004-ൽ കേരളത്തിൽ 34 ടൺ സംസ്ക്കരിച്ച വാനില ഉൽപ്പാദിപ്പിച്ചതായി കണക്കാക്കുന്നു.

കമുക് രോഗ നിവാരണ പദ്ധതി

328 [1259] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമുക് രോഗബാധിതമേഖലകളിൽ കർഷകരെ സഹായിക്കുവാനായി എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര സർക്കാർ സഹായത്തോടെ വിപുലമായ കമുകുരോഗ നിവാരണ മാർഗ്ഗങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് കമുകിന്റെ മഞ്ഞളിപ്പ് രോഗം തടയുന്നതിന് 49.555 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വടക്കൻ ജില്ലകളായ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞളിപ്പ് രോഗം ബാധിച്ച കവുങ്ങുകൾ മുറിച്ചു മാറ്റുന്നതിനും, രോഗം ശൈശവാവസ്ഥയിൽ ഉള്ളവയ്ക്ക് മെച്ചപ്പെട്ട പരിപാലനം നൽകുന്നതിനുമായി കേന്ദ്ര സർക്കാർ മാക്രോ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 2004-2005 ൽ 219 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ കേന്ദ്ര വിഹിതം 197.10 ലക്ഷം രൂപയും സംസ്ഥാന വിഹിതം 21.90 ലക്ഷം രൂപയുമാണ്.

നാളികേര മണ്ഡരി നിയന്ത്രണ പദ്ധതി

329 [1260] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര മണ്ഡരി നിയന്ത്രണ പദ്ധതിപ്രകാരം 2003-2004, 2004-2005 വർഷങ്ങളിൽ ഓരോന്നിലും എത്ര വീതം തെങ്ങുകൾക്കാണ് ജൈവ കീടനാശിനി പ്രയോഗിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കീടനാശിനിയുടെ വിലയായി എത്ര തുക വീതം ഓരോ വർഷവും സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് സർക്കാർ നൽകിയിട്ടുണ്ട്;

(സി) മരുന്നുതളിക്കാനുള്ള ചെലവിനത്തിൽ എത്ര തുകയാണ് ഓരോ വർഷവും കോർപ്പറേഷന് നൽകിയത്;

(ഡി) കോർപ്പറേഷൻ കർഷകരിൽ നിന്നും ആകെ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട്;

(ഇ) മരുന്നിന്റെ വിലയായും മരുന്നുതളിക്കാനുള്ള ചെലവായും എത്ര തുക വീതമാണ് ഓരോ വർഷവും കോർപ്പറേഷന് ചെലവായത്;

(എഫ്) ഒരു തെങ്ങിന് മരുന്നു തളിക്കാനുള്ള കൂലിയിനത്തിൽ ശരാശരി എത്ര തുക ചെലവായിട്ടുണ്ട് എന്നും എത്ര തുക ശരാശരി വരവുണ്ടായിട്ടുണ്ട് എന്നും അറിയിക്കാമോ;

(ജി) മരുന്നിന്റെ വിലയുടെയും യഥാർത്ഥ കൂലിച്ചെലവിന്റെയും അടിസ്ഥാനത്തിലാണോ കോർപ്പറേഷൻ നൽകുന്ന തുക നിശ്ചയിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(എച്ച്) കീട നിയന്ത്രണത്തിൽ കൃഷിഭവനുകളുടെ പ്രവർത്തനം ഫലപ്രദമാകാത്തതുകൊണ്ടാണോ മണ്ഡരി നിയന്ത്രണ പദ്ധതിയുടെ ചുമതല കൃഷിഭവനുകളിൽ നിന്നും മാറ്റി കോർപ്പറേഷനെ ഏൽപ്പിച്ചത് എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003-2004-ൽ 2263076 തെങ്ങുകൾ. 2004-2005-ൽ 6833886 തെങ്ങുകൾ.

(ബി) 2003-2004-ൽ 2,54,192 രൂപ. 2004-2005-ൽ 75,00,000 രൂപ.

(സി) 2003-2004-ൽ 79,76,856 രൂപ. 2004-2005-ൽ 4,50,00,000 രൂപ

(ഡി) 31-3-2005 വരെ 1,99,74,579 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ഇ) 31-3-2005 വരെ മരുന്നിന്റെ വിലയായി 2,69,12,650 രൂപയും മരുന്നുതളിക്കാനുള്ള ചെലവായി 5,82,59,188 രൂപയും ചെലവായിട്ടുണ്ട്.

(എഫ്) കൂലിയിനത്തിൽ ശരാശരി 8.75 രൂപയും വരവിനത്തിൽ ശരാശരി 25 പൈസയും ലഭ്യമായിട്ടുണ്ട്.

(ജി) അതെ.

(എച്ച്) സംസ്ഥാനത്തൊട്ടാകെ മരുന്നു തളിക്കേണ്ട ജോലിഭാരം കണക്കിലെടുത്താണ്, കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ സാങ്കേതിക മേൽനോട്ടത്തിൽ മരുന്നുതളി നടത്തുവാൻ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനെയും, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെയും ഏൽപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly